ബാലസാഹിത്യം

# ശിശുവധം

ഗ്രന്ഥകർത്താ:

എം. ജെ. മൈക്കിൾ

196

T 62
M 58

DHARMARAM COLLEGE LIBRARY, BANGALORE.
11275
T 62
M 58

ബാലസാഹിത്യം

# ശിശുവധം

(നാടകം)

★

ഗ്രന്ഥകർത്താവ്:

എം. ജെ. മൈക്കിൾ.

★

പ്രസാധകന്മാർ:
അമലാ പബ്ലിക്കേഷൻസ്,
പി. ബി. നമ്പർ 17. — കോഴിക്കോട്-1.

ഒന്നാം പതിപ്പ്, 500

ജൂൺ — 1960

വില: 37 ന. പ.

അച്ചടി:

അമലാ പ്രിൻറിംഗ് വർക്ക്സ്,

പി. ബി. നമ്പർ 17, കോഴിക്കോട്-1.

DHARMARAM COLLEGE LIBRARY, BANGALORE.
11275

## കഥാപാത്രങ്ങൾ:

1. ബൽത്താസർ മഹാരാജാവ്.
2. ഗാസ്പർ മഹാരാജാവ്.
3. മെൻഷോർ മഹാരാജാവ്.
4. ഹേറോദേസ് മഹാരാജാവ്.
5. മന്ത്രി; പട്ടാളക്കാർ; പ്രധാനാചാര്യൻ; വേദശാസ്ത്രികൾ; മാലാഖ; യൗസേപ്പ്; മറിയം; etc.

# ശിശുവധം

## രംഗം 1

[വഴി, മരുപ്പച്ച. ബൽത്താസർ മഹാരാജാവും ഗാസ്പർ മഹാരാജാവും.]

ബൽത്താസർ: (ആകാശത്തിലേയ്ക്കു് കൈ ചൂണ്ടുന്നു.) ഒരു സ്വപ്നത്തിലാണു് ഈ നക്ഷത്രോദയം നാം ദർശിച്ചതു്.

ഗാസ്പർ: സ്വപ്നത്തിൽ........! എന്നിട്ടു്?

ബ: നാം ഉണർന്നാകാശത്തിലേയ്ക്കു നോക്കി; എന്തൊരാശ്ചര്യം! ഒരു നവ്യ നക്ഷത്രമങ്ങനെ തെളിഞ്ഞു വിളങ്ങുന്നു!

ഗാ: ലോകത്തിന്റെ വെളിച്ചമാണു്, രാജാധിരാജനായി ജനിച്ചിരിക്കുന്ന ആ ശിശു. അതുകൊണ്ടാണു് ഈ വിശേഷ നക്ഷത്രം ആകാശത്തിലുദിച്ചതു്.

ബ: മഹാരാജാവേ, താങ്കളെപ്പോലെതന്നെ, നാമും ഈ നക്ഷത്രം കണ്ടപ്പോൾ ആ നിഗമനത്തിലെത്തിച്ചേർന്നു, ലോകാധിരാജനായ ഒരു ശിശു എവിടെയോ ജനിച്ചിട്ടുണ്ടെന്നു്.

ഗാ: എന്നിട്ടു്.......?

ബ: രാജ്യകാര്യങ്ങളെല്ലാം മക്കളേയും മരുമക്കളേയും മന്ത്രിമാരേയും ഏൽപിച്ചശേഷം നാം യാത്ര തിരിച്ചു.

ഗാ. സ്വന്തം കപ്പലിലാണോ അങ്ങു് പുറപ്പെട്ടതു്,

ബ: അല്ല. അറേബ്യയിൽനിന്നും എൻെറ രാജ്യത്തു കച്ചവടത്തിനുവന്നവരോടൊപ്പമാണ് ഞാൻ പോന്നതു്. അതായതു് നിങ്ങളുടെ പ്രജകളോടൊപ്പം.

ഗാ: അവർ വഴിയായിട്ടാവാം ഇന്ത്യയിൽനിന്നും ബൽത്താസർ മഹാരാജാവു് വന്നിട്ടുണ്ടെന്നുള്ള വാത്ത നമ്മുടെ രാജ്യം മുഴുവൻ വ്യാപിച്ചതു്.

ബ: കപ്പലിൽ കയറി ഞാനിവിടെയെത്തി. വീണ്ടും നക്ഷത്രം നോക്കി യാത്ര തുടങ്ങിയപ്പോഴാണ്, ബഹുമാനപ്പെട്ട ഗാസ്പർ മഹാരാജാവു് എന്നെ രാജധാനിയിലേക്കു ക്ഷണിച്ചതു്.

ഗാ: ഈ വിശേഷ സംഭവത്തെപ്പററി ചിന്തിച്ചുകൊണ്ടിരിക്കുമ്പോഴാണ്, നമ്മുടെ ദൂതന്മാർ വന്നറിയിച്ചതു്; ഇന്ത്യയിൽ നിന്നും ബൽത്താസർ മഹാരാജാവു വന്നിട്ടുണ്ടെന്നു്. പുതിയ നക്ഷത്രം നോക്കിയാണ് താങ്കൾ വന്നിട്ടുള്ളതെന്നറിഞ്ഞപ്പോൾ നമുക്കതിയായ സന്തോഷമുണ്ടായി. ഉടനെ നാം ദൂതന്മാരെയയച്ചു.

ബ: ഈ പുണ്യയാത്രയിൽ മഹാനായ ഗാസ്പർ മഹാരാജാവിനെ കൂട്ടംകിട്ടിയതിൽ നമുക്കതിയായ സന്തോഷമുണ്ടു്.

ഗാ: ജ്യോതിശ്ശാസ്ത്ര വിദഗ്ദ്ധനായ ബൽത്താസർ മഹാരാജാവിനോടു നാം എക്കാലവും നന്ദിയുള്ളവനായിരിക്കും! കാരണം മഹാരാജാവിൻെറ ആഗമനമാണ് എനിക്കുീയാത്രക്കു് പ്രചോദനം നല്കിയതു്.

ബ: (ദൂരെ നോക്കുന്നു.) അതാ ഒരു മനുഷ്യൻ നമ്മുടെ ഒട്ടകങ്ങളുടെ അടുത്തു്, അദ്ദേഹത്തിന്റെ ഒട്ടകത്തേയും നിറുത്തുന്നു!

ഗാ: ആരായിരിയ്ക്കാമദ്ദേഹം?

ബ: ഒരു രാജാവിൻെറ പ്രൗഢിയുണ്ടു്!

ഗാ: ഇങ്ങോട്ടാണല്ലോ വരുന്നതു്. നമുക്കു് ചോദിയ്ക്കാം.

(മെൻഷോർ മഹാരാജാവു് പ്രവേശിയ്ക്കുന്നു)

മെൻഷോർ: എവിടേയ്ക്കുപോകുന്നവരാണു് നിങ്ങൾ?

ബ: ഞങ്ങൾ (ആകാശത്തിലേയ്ക്കു് കൈ ചൂണ്ടുന്നു.) ആ നക്ഷത്രത്തെ പിന്തുടരുന്നവരാണു്.

ഗാ: നിങ്ങളോ?

മെ: (സസന്തോഷം) നാം മൂവരും ഒരേ ലക്ഷ്യത്തിലേയ്ക്കു തന്നെ. ഞാനും ഈ നക്ഷത്രത്തെ പിന്തുടരുകയാണു്.

ഗാ: അത്ഭുതം! മൂന്നു രാജ്യത്തുള്ള മൂന്നാൾക്കു് ഒരേ നക്ഷത്രം വഴികാട്ടിക്കൊടുക്കുക. അത്ഭുതം തന്നെ!

ബ: ലോകനിയന്താവിനു് കഴിയാത്തതൊന്നുമില്ല. (മെൻഷോർ മഹാരാജാവിനോടു്) താങ്കളെ പരിചയപ്പെട്ടുവാനാഗ്രഹിയ്ക്കുന്നു.

മെ: നാം മഹാരാജാ മെൻഷോർ. ഈജിപ്തു് ഭരിയ്ക്കുന്നു. നിങ്ങളോ?

ബ: നാം ഇന്ത്യാ സാമ്രാജ്യത്തിലെ ബൽത്താസർ മഹാരാജാവു്. ദിവ്യ ശിശുവിനെക്കാണുവാൻ വേണ്ടി,

കാട്ടും കടലും കടന്നുവരുന്നു. ഈ വഴിത്തിരിവിൽ വച്ചു താങ്കളെ കാണുവാൻ സാധിച്ചതിൽ സന്തോഷം.

ഗാ: നാം, ഗാസ്പർ മഹാരാജാവ്. അറേബ്യയുടെ അധിപതി. ഈ യാത്രയിൽ മെൻഷോർ മഹാരാജാവിനെ കാണുവാനിടവന്നതു് ഞങ്ങളുടെ മഹാഭാഗ്യം.

ബ: ഞങ്ങൾക്കു് തീരെ പരിചയമില്ല, ഈ പ്രദേശങ്ങളിൽ.

മെ: റോമൻ ചക്രവത്തിയുടെ വകയാണീ പ്രദേശങ്ങൾ. മഹാനായ ഹേറോദേസ് രാജാവ് ഭരിക്കുന്നു. (ദൂരെ കൈ ചൂണ്ടുന്നു) ഹേറോദേസിൻെറ കൊട്ടാരമാണതു്.

ഗാ: സമയം കളയാതെ നമുക്കു് പുറപ്പെടാം. എൻെറ മിഴികൾ വെമ്പൽകൊള്ളുകയാണു്; ആ രാജാവിൻെറ ദർശനത്തിനുവേണ്ടി.

ബ: എൻെറ ഹൃദയം തുടിക്കുന്നു; യാത്ര തുടരാമെന്നാണെൻെറ പക്ഷം.

മെ: ശരി, പുറപ്പെടാം നടന്നു സംസാരിക്കാം.

(മൂവരും നടന്നു മറയുന്നു.)

[അണിയറയിൽനിന്നും]

ഗാ: അത്ഭുതം! നക്ഷത്രം കാണുന്നില്ല!

ബ: നക്ഷത്രം മറഞ്ഞു!

ബ: ഹാ.....ഇനി നാം എന്തു ചെയ്യും?

മെ; നമുക്കിവിടെയിറങ്ങി അന്വേഷിക്കാം.

(രാജാക്കന്മാർ മൂന്നു പേരും പ്രവേശിക്കുന്നു.)

ബ: ഒരു പക്ഷേ ഇവിടെ അടുത്തെവിടെയെങ്കിലുമായിരിക്കാം; ശിശു ജനിച്ചിരിക്കുന്നതു്.

ഗാ: ബൽത്താസർ മഹാരാജാവിന്റെ അഭിപ്രായത്തോടു നാം യോജിക്കുന്നു.

മെ: ഒരു പക്ഷേ ആ രാജാധിരാജൻ ഭൂജാതനായിട്ടുള്ളതു് ഹേറോദേസ് രാജാവിന്റെ രാജധാനിയിലായിരിക്കാം.

ഗാ: എന്തായാലും, ഹേറോദേസിന്റെ രാജധാനിയിൽ പോയന്വേഷിക്കാം.

മെ: അങ്ങനെ തന്നെയാവട്ടെ.

(മൂവരും നടന്നു മറയുന്നു.)

(യവനിക)

## രംഗം 2

(ഡർബാർ ഹാൾ. ഹേറോദേസ് രാജാവു് ചിന്താമഗ്നനായിരിയ്ക്കുന്നു; അടുത്തു് മന്ത്രിയും.)

മന്ത്രി: അടിയനു മനസ്സിലാകുന്നില്ല, തിരുമേനിയുടെ ക്ലേശകാരണം.

ഹേറോദേസ്: (ശ്രദ്ധിയ്ക്കുന്നില്ല. ഒരു നിമിഷം മൗനത്തിൽ കഴിയുന്നു.) മിഥ്യാഭയം.

മ: ഭീതിയ്ക്കവകാശമില്ല തിരുമേനി.

ഹേ: (എഴുന്നേൽക്കുന്നു.) യശോധാവള്യത്തിൽ മതിമയങ്ങുവാൻ, മാദകവിലാസങ്ങളിലാലോലം തുള്ളുവാൻ, ജനിച്ചിരിയ്ക്കുന്ന നാം എന്തിനു ചിന്താമഗ്നനാകണം? മന്ത്രിസത്തമാ!

മ: (എഴുന്നേല്ക്കുന്നു.) മാനസികമായ സന്തോഷമുണ്ടാകുമ്പോൾ, സകല വിധമായ അസ്വാസ്ഥ്യങ്ങളും മറഞ്ഞുപൊയ്ക്കൊള്ളും തിരുമേനി.

ഹേ: എൻെറ തല കറങ്ങുകയാണു്, കുലാലചക്രത്തിൽ പെട്ട മണ്ണുപോലെ.

മ: തിരുമേനി, അടിയങ്ങളെപ്പോഴും തയ്യാറാണു്; അവിടത്തെ ചിന്തകൾക്കുയിരുമുടലും കൊടുക്കുവാൻ. അരുളിച്ചെയ്താലും!

ഹേ: നവം നവങ്ങളായ നൂറുനൂറായിരം സംഭവങ്ങൾ സംജാതമായിക്കൊണ്ടിരിയ്ക്കുകയാണു്, നമ്മുടെ രാജ്യത്തിലുടനീളം!

മ: സർവ്വത്ര പുരോഗതി മാത്രം.

ഹേ: മന്ത്രി സത്തമാ! നമ്മുടെ പ്രജകളെപ്രകാരം വർത്തിക്കുന്നു?

മ: അവിടുത്തെ പ്രജകളെല്ലാം സസുഖം ജീവിക്കുന്നു; കറയററ രാജഭക്തിയോടും, കിടയററ ദേശാഭിമാനത്തോടുംകൂടി പരിഷ്കാരം വർദ്ധിക്കുകയും, രാജ്യം പുരോഗമിക്കുകയും ചെയ്തിട്ടുണ്ടു്.

ഹേ; അപ്പോൾ നമ്മുടെ അഭീഷ്ടമനുസരിച്ചു സകലകാര്യങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

മ. എല്ലാം ഭദ്രം.

ഹേ: എൻെറ ആന്തരാത്മാവിലൊരു ഗ്ലാനി—ഒരുതാപ്പു.

മ: (ഒരു വശത്തേക്കു് നോക്കുന്നു) തിരുമേനി, അവിടുത്തെ കനിവിന്നുവേണ്ടി കാത്തിരിക്കുകയാണു് നർത്തകി.

ഹേ നൃത്തം. കരൾ കുളിർപ്പിക്കുന്ന കലാവിശേഷം. (ഒരു ഭടൻ പ്രവേശിക്കുന്നു.)

ഹേ: എന്തു്?

ഭടൻ: കിഴക്കുനിന്നും മൂന്നു രാജാക്കന്മാർ വന്നിട്ടുണ്ടു്. അവർ തിരുമേനിയെ മുഖം കാണിക്കുവാനാഗ്രഹിക്കുന്നു.

മ: കിഴക്കുനിന്നും, മൂന്നു രാജാക്കന്മാർ!

ഹേ: നാം വിഖ്യാതനായ ഹേറോദേസ് മഹാരാജാവു്! നമ്മെ അറിയാത്തവനാരു്? നമ്മുടെ പ്രതാപപ്രാഗത്ഭ്യങ്ങളെ ശ്രവിച്ചിതാ മൂന്നു രാജാക്കന്മാർ വന്നിരിക്കുന്നു.

മ: തിരുമേനിയുടെ പാദകമലങ്ങളിൽ അവരുടെ രാജ്യ ങ്ങൾ സമർപ്പിക്കുവാൻ വേണ്ടിയായിരിക്കാം അവർ വന്നിട്ടുള്ളത്.

ഹേ: അതാണവരുടെ ആഗ്രഹം. അതിനായിട്ടാണ് അവർ വന്നിട്ടുള്ളത്. അവക്ക് നാം അനുവാദം കൊടുക്കുന്നു.

(ഭടൻ നമസ്കരിച്ചു പോകുന്നു.)

മ: യശസ്സ് വർദ്ധിക്കുകയാണ്, തിരുമേനി.

ഹേ: മന്ത്രിസത്തമാ, ആ രാജാക്കന്മാർ മൂവരെയും രാജോ ചിതമായ വിധത്തിൽ സ്വീകരിച്ചു കൂട്ടിക്കൊ ണ്ടുവരൂ.

മ: കല്പനപോലെ.

(മന്ത്രി തൊഴുതുപോകുന്നു. ഹേറോദേസ് നർത്തകി യെ നോക്കുന്നു. നർത്തകി പ്രവേശിച്ച് നൃത്തം തുടങ്ങുന്നു. നൃത്തമവസാനിക്കുന്നു.)

ഹേ: വളരെ നന്നായിരിക്കുന്നു നൃത്തം

(നർത്തകി പോകുന്നു. രാജാക്കന്മാരും മന്ത്രിയും പ്ര വേശിക്കുന്നു.)

മ: തിരുമേനി, ഇവരാണ് പൂർവ്വദേശത്തെ മന്നവേന്ദ്രന്മാർ.

ഹേ: പൂർവ്വദേശീയരായ നിങ്ങൾക്ക്, എന്റെ ആത്മാർത്ഥ മായ സ്വാഗതം. ഉപവിഷ്ടരായാലും.

(രാജാക്കന്മാർ ഇരിക്കുന്നു.)

ഹേ: എന്തായിരിക്കാം നിങ്ങളുടെ ആഗമനോദ്ദേശ്യം?

ബൽത്താസർ. ഞങ്ങളൊരു പുതിയ നക്ഷത്രം കണ്ടു.

മ: രാജ്യത്തിന്നാപത്തുണ്ടാകും ചില നക്ഷത്രങ്ങൾ കണ്ടാൽ!

ഹേ: എന്താപത്തുണ്ടായാലും, നമ്മുടെ സാമന്തന്മാരെ നാം രക്ഷിക്കും.

മ: അതുകൊണ്ടുതന്നെയാണ്, തിരുമേനിയുടെ യശസ്സ് പ്രാചിപ്രതീചികളെ അതിക്രമിച്ച് മുന്നേറിക്കൊണ്ടിരിക്കുന്നത്.

മെൻഷോർ: ഈ നഗരിയിൽ വന്നപ്പോൾ, ഒരു പ്രത്യേക സംഭവമുണ്ടായി.

മ: അതാണീ നഗരത്തിൻെറ മേന്മ, തിരുമേനിയുടെ ഭരണ നൈപുണ്യം.

ഗാ: ശേഷിയും, ശേമുഷിയുമുള്ളവർ ഭരണചക്രം തിരിക്കുമ്പോൾ രാജ്യം നന്നാവും, ജനങ്ങൾ സുഖിക്കും.

ഹേ: നന്നാകുവാനാഗ്രഹമുള്ളവരാണ്, അഭികാമ്യമായ സഖ്യങ്ങളിലേർപ്പെടുന്നത്. നാം നിങ്ങളെയനുമോദിക്കുന്നു. സംഗതി പറയൂ.

ബ: ഒരു പ്രത്യേക സംഗതി ചോദിച്ചറിയുവാൻ താല്പര്യമുണ്ട്; അതിനായിട്ടാണ് ഞങ്ങൾ വന്നിട്ടുള്ളത്.

മ: അറിയേണ്ടതു് അറിയിക്കുന്നതിനും, വേണ്ടവിധം പെരുമാറുന്നതിനും തയ്യാറുള്ളവനാണ തിരുമേനി!

മെ: യൂദന്മാരുടെ രാജാവ് ജനിച്ചിരിക്കുന്നതു് എവിടെയെന്നാണ് ഞങ്ങൾക്കറിയേണ്ടതു്.

ഹേ: (വിവർണ്ണമുഖത്തോടെ) യൂദന്മാരുടെ രാജാവ്!

ഗാ: യൂദന്മാരുടെ രാജാവാകുവാനുള്ള ശിശു.

ഹേ: എന്താ.....എനിയ്ക്കറിഞ്ഞുകൂടാ.

മ: സർവ്വാധികാരങ്ങളോടുംകൂടി തിരുമേനി യഹൂദജനത്തെ ഭരിയ്ക്കുമ്പോൾ. ..വേറൊരു രാജാവ്.....!

ഹേ: നിങ്ങളെങ്ങനെയറിഞ്ഞു; യൂദന്മാരുടെ രാജാവ് ജനിച്ചിട്ടുണ്ടെന്ന്?

ബ: ആ ജനനം പ്രഖ്യാപനം ചെയ്ത നക്ഷത്രമാണ്; ഞങ്ങളാകാശത്തിൽ കണ്ടത്. ദൈവദൂതനായ നക്ഷത്രം.

ഹേ: മന്ത്രിസത്തമാ, നമുക്കാ രാജശിശുവിൻെറ ജനന സ്ഥലം കണ്ടുപിടിയ്ക്കണം എന്താണുപായം?

മന്ത്രി: അതിനൊരുപായം മാത്രമേയുള്ളൂ.

ഹേ: പറയൂ; കേൾക്കട്ടെ

മ: പ്രധാനാചാര്യനേയും, വേദശാസ്ത്രികളേയും വരുത്തി ചോദിയ്ക്കുക

ഹേ: എന്നാലങ്ങിനെ തന്നെ. അവരെന്തു പറയുന്നു വെന്നറിയട്ടെ. (ഒരു വശത്തേയ്ക്കു നോക്കുന്നു.) ആരവിടെ?

(ഒരു ഭടൻ പ്രവേശിച്ചു തൊഴുന്നു.)

ഭടൻ: അടിയൻ.

ഹേ: പ്രധാനാചാര്യനേയും, വേദശാസ്ത്രികളേയും കൂട്ടി ക്കൊണ്ടുവരൂ.

ഭടൻ; ഉത്തരവ്.

(ഭടൻ തൊഴുതു പോകുന്നു.)

ഹേ: ഒരു നക്ഷത്രം കണ്ടു. ആ രാജാധിരാജൻെറ ജനനം നിങ്ങൾ മനസ്സിലാക്കി; അത്രയും മനസ്സിലായി.

ഗാസ്സർ: ആ വെള്ളിനക്ഷത്രം കണ്ടു ഞങ്ങൾ പുറപ്പെട്ടു. വഴിയിൽവെച്ചു മൂവരുമൊരുമിച്ചു ചേൎന്നു. അങ്ങിനെ യാത്ര തുടൎന്നു് ഈ രാജ്യത്തിൽ പ്രവേശിച്ചു.

ഹേ: നിങ്ങൾ മൂവരും തമ്മിൽ, മുമ്പു പരിചയമുണ്ടായിരുന്നോ; തത്രബന്ധമോ, മററു വല്ലതും വഴി?

ബൽ: ഇല്ല. മാൎഗ്ഗമദ്ധ്യേ, തമ്മിൽ കാണുകയും പരിചയപ്പെടുകയും ചെയ്തു.

വെൽഷോ: ഞങ്ങളുടെ ആദൎശവും ലക്ഷ്യവുമാണു് ഞങ്ങളെ തമ്മിൽ ബന്ധിപ്പിച്ചതു്.

ഹേ: നിങ്ങളു ഭയപ്പെടണം, ആ ശിശു വളൎന്നുവന്നാൽ നിങ്ങളുടെ രാജ്യം നശിപ്പിയ്ക്കും!

ഗാസ്സർ: അങ്ങിനെയൊരു ഭയം ഞങ്ങൾക്കില്ല. ഞങ്ങൾ ഈ നഗരത്തിൽ പ്രവേശിച്ചപ്പോൾ നക്ഷത്രം മറഞ്ഞു.

ബാ: ശിശു ജനിച്ചിരിക്കുന്നതു്, ഈ രാജധാനിയിലായിരിയ്ക്കുമോയെന്നു; ഞങ്ങൾ സംശയിക്കുന്നു.

മന്ത്രി: ഇവിടെയല്ലെങ്കിൽത്തന്നെയും, ഞങ്ങളുമായി ബന്ധപ്പെടുന്നതു് ഞങ്ങൾക്കു നല്ലതാണു്. വെറും പട്ടാളസഖ്യം മതി.

ഹേ: ഈ രാജധാനിയിൽ ശിശുക്കളൊന്നുമില്ല. അടുത്തു ജനിച്ചിട്ടുമില്ല.

(പ്രധാനാചാര്യനും വേദശാസ്ത്രികളും
പ്രവേശിച്ചു തൊഴുന്നു.)

പ്രധാനാചാര്യൻ: വിജയിച്ചാലും; തിരുമേനി.

വേദശാസ്ത്രികൾ: ഹേറോദേസ് മഹാരാജാവ് വിജയിച്ചാലും!

ഹേറോ: ഗൗരവതരമായ ഒരു കാര്യത്തെപ്പററി പര്യാലോചിക്കുവാനാണ്, നാം നിങ്ങളെ വരുത്തിയിരിക്കുന്നത്.

പ്രധാനാ: അരുളിച്ചെയ്താലും, തിരുമേനി.

ഹേറോ: ഈ രാജാക്കന്മാർ പറയുന്നു, യൂദന്മാരുടെ രാജാവായി ഒരു ശിശു ജനിച്ചിട്ടുണ്ടെന്ന്. യൂദന്മാരുടെ രാജാവ്!

വേദ: ഒരു ശിശു ജനിക്കും, യൂദന്മാരുടെ രാജാവായി. കാത്തിരിക്കുകയാണവർ.

പ്രധാ: ശരിയായിരിക്കാം ഈ രാജാക്കന്മാരുടെ അനുമാനം. ഇവരും യഹൂദരാണോ?

(പ്രധാനാചര്യനും വേദശാസ്ത്രിയും വേദപുസ്തകം)
നിവർത്തി നോക്കുന്നു.)

മെൻഷോ: ഞങ്ങൾ യഹൂദരല്ല.

മന്ത്രി: നിങ്ങൾ യഹൂദരല്ല! പിന്നെയെന്തേ യഹൂദരാജാവിനെ കാണുവാനിത്ര വെമ്പൽ?

ബൽത്താ: ആ ശിശു വളർന്നു വരുമ്പോൾ ഈ ലോകം മുഴുവൻ കീഴടക്കും.

പ്രധാനാ: ബേത്ലേഹമിലാണ് യൂദന്മാരുടെ രാജാവു ജനിച്ചിരിക്കുന്നത്.

ഹേറോ: ബേത്ലേഹമിൽ! . . . . . വായിക്കു! ഏതൊരു പ്രവചനമാണിതിനുപോൽബലകം?

പ്രധാനാ: (വായിക്കുന്നു.) "യൂദായുടെ ബേത്ലേഹമേ, നീയും യൂദന്മാരുടെ രാജാക്കളിൽ ചെറുതല്ല. എന്തുകൊണ്ടെന്നാൽ ഇസ്രായേലിനെ ഭരിക്കുവാനുള്ള രാജാവ് നിന്നിൽനിന്നും പുറപ്പെട്ടും."

മന്ത്രി: ബേത്ലേഹമിലോ ഇസ്രായേലിന്റെ രാജാവ്?

പ്രധാനാ: ബേത്ലേഹമിൽ തന്നെ.

(കിഴക്കുനിന്നും വന്ന രാജാക്കന്മാർ സന്തോഷിക്കുന്നു. ഹേറോദേസ് വികാരഭരിതനാകുന്നു.)

ഹേറോ: ബേത്ലേഹമിൽ. . . . . ഇസ്രയേൽ രാജാവ്!

പ്രധാനാ: ഇസ്രായേലിനെ ഭരിക്കുവാനുള്ള രാജാവ് ബേത്ലേഹമിൽ പിറന്നിരിക്കുന്നു.

ബൽത്താ: ഹേറോദേസ് മഹാരാജാവിനു് സകല മംഗളങ്ങളും ഭവിക്കട്ടെ. ഞങ്ങൾക്കു ചെയ്തുതന്ന ഈ ഉപകാരം ഞങ്ങൾ ഒരിക്കലും മറക്കുന്നതല്ല.

ഗാസ്പർ: മഹാരാജാവേ! അറിയേണ്ടതെല്ലാം ഞങ്ങളറിഞ്ഞു കഴിഞ്ഞു. യാത്രാനുവാദം നൽകിയാലും.

മെൻഷോ: എത്രയും വേഗം ആ രാജശിശുവിനെ കണ്ടാരാധന നടത്തണമെന്നാണ് ഞങ്ങളുടെ ആഗ്രഹം; ഞങ്ങൾ പോകട്ടെ.

ഹേറോ: സന്തോഷം. ഒരു കാര്യം നിങ്ങൾ മറക്കരുതു്. തിരിച്ചു വരുമ്പോൾ എന്നെക്കൂടി സംഗതികളറിയിക്കണം. എനിക്കും ആ രാജശിശുവിനെ കണ്ടാരാധിക്കണം. (മ്ലാനമുഖം.)

ഗാസ്പർ: തിരിച്ചുവരുമ്പോൾ ഇവിടെ വന്നു സംഗതികളറിയിക്കാം. ഞങ്ങൾ പോകട്ടെ.

(രാജാക്കന്മാർ എഴുന്നേല്ക്കുന്നു.)

മെൻഷോ: മഹാരാജാവേ! അങ്ങു് ഞങ്ങൾക്കു ചെയ്ത വിലതീരാത്ത ഒരു ഉപകാരമാണിതു്. അങ്ങേയ്ക്കു് ഞങ്ങളുടെ കൂപ്പുകൈ.

ബൽത്താ: ഞാനും, എൻെറ സുഹൃത്തുക്കളായ ഗാസ്പർ മഹാരാജാവും, മെൻഷോർ മഹാരാജാവും നിങ്ങളോടും, നിങ്ങളുടെ പ്രജകളോടും ഞങ്ങൾക്കും ഞങ്ങളുടെ രാജ്യവാസികൾക്കുമുള്ള നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

(രാജാക്കന്മാർ നടന്നു മറയുന്നു.)

ഹേറോ: യഹൂദജനത്തെ ഭരിക്കുവാൻ ഒരു പുതിയ രാജാവു്. . . . . .ഊം. . . . .കാണട്ടെ.

(ഹേറോദേസ് എഴുന്നേററു് അങ്ങോട്ടും ഇങ്ങോട്ടും നടക്കുന്നു.)

മന്ത്രി: അവർ കാത്തിരിക്കുകയായിരുന്നു, ഒരു പുതിയ രാജാവിനുവേണ്ടി.

ഹേറോ: ഒരു പുതിയ രാജാവു് യഹൂദജനത്തെ ഭരിക്കുവാൻ പോകുന്നുപോലും!

പ്രധാനാ: അങ്ങിനെ സംഭവിയ്ക്കും.

ഹേറോ: (പ്രധാനാചാര്യനെ രൂക്ഷമായി നോക്കുന്നു.)
ബേത്ലെഹമിൽ ഒരു രാജാവിനെവെച്ചു വാഴിയ്ക്കുണമല്ലേ? നിഷ്ഠുരാ! നിന്റെ ധിക്കാരം!! (വാളൂരുന്നു.)

പ്രധാനാ: തിരുമേനി, ക്ഷമിയ്ക്കണം. വിശുദ്ധ പുസ്തകത്തിൽ കണ്ടതു മാത്രമേ ഞങ്ങൾ പറഞ്ഞിട്ടുള്ളു.

ഹേറോ: നിങ്ങളുടെ അപരാധങ്ങൾക്കവസാനമില്ല. രാജ്യദ്രോഹപരമായ വാർത്തകൾക്കുപോൽബലകമായി വേദപുസ്തകവും കൊണ്ടുവരുന്ന ഈ ജാതിയെ ഞാൻ. . . .

(ഹേറോദേസ് വാളുയർത്തുന്നു. പ്രധാനാചാര്യനും വേദശാസ്ത്രികളും വിറച്ചുകൊണ്ട് കൈകൂപ്പുന്നു.)

മന്ത്രി: തിരുമേനി, ഒരുതരത്തിലും തെറ്റുകാരല്ലിവർ; ക്ഷമിച്ചാലും.

ഹേറോ: രാജ്യദ്രോഹികളെ പോകൂ.

(പ്രധാനാചാര്യനും വേദശാസ്ത്രികളും വിറച്ചു വിറച്ചു പുറകോട്ടു മാറുന്നു.)

(യവനിക)

# രംഗം 3

(ബേത്സഹമിലെ പുൽക്കൂട്. ഉണ്ണിയെ മടിയിൽ വെച്ചുകൊണ്ട് മറിയവും സമീപത്ത് യൌസേപ്പും ഇരിക്കുന്നു. രാജക്കന്മാർ മൂവരും പ്രവേശിച്ച് മുട്ടുമടക്കി ആചാരം ചെയ്യുന്നു.)

ബൽത്താ: നീല നീരാളത്തെ പരിത്യജിച്ച്, പന്നുണിച്ചുരുളുകളിൽ പള്ളികൊള്ളുന്ന ത്യാഗസമ്പന്നനായ ഉണ്ണിയീശോയേ, സനാതനവും, അപ്രമേയവുമായ സൗന്ദര്യധാമമേ! അങ്ങ് എൻെറ അർച്ചന സ്വീകരിച്ചാലും.

( കാഴ്ചദ്രവ്യം സമർപ്പിച്ചു നമസ്ക്കരിക്കുന്നു.)

മെൽഷോ: രാജാധിരാജാ! അങ്ങയെ ഞാനാരാധിക്കുന്നു. അങ്ങ് മൂന്നു ലോകത്തേയും ശാസിച്ചടക്കുമെന്നും, പർവ്വതത്തേയും, പാരാവാരത്തേയും തൻെറ നിയമത്തിനധീനമാക്കുമെന്നും ഞാനറിയുന്നു. ലോകൈകനാഥാ! എൻ്റെ ജീവിതാരാധനകളുടെ പാത്രമേ! ഈ എളിയ ദാസൻെറ അർച്ചന സ്വീകരിച്ചാലും! !

(കാഴ്ചദ്രവ്യം സമർപ്പിച്ച് നമസ്കരിക്കുന്നു.)

ഗാസ്പ്പർ: യഹൂദന്മാരുടെ രാജാവായ സത്യസ്വരൂപാ! അങ്ങയെ ഞാനാരാധിക്കുന്നു. വിശ്വേശ്വരാ! അങ്ങേ വഴിത്താരയിൽ വാസന്തിക സുമങ്ങൾ വിരിക്കുവാൻ എന്നെ നിയോഗിക്കേണമേ. അന്ധകാരത്തിൽ തപ്പിത്തടയുന്ന എന്നെ വിശുദ്ധിയുടെ പുതുനിലാവിലേക്കാനയിക്കേണമെ!! വെൺതിങ്കൾ പ്രകാശം പ്രസരിപ്പിക്കുവാൻ പോകുന്ന അങ്ങയുടെ

ധവള പതാകയുടെ കീഴിൽ ഞങ്ങളേയും അണിനിരത്തി സംരക്ഷിക്കേണമേ. അങ്ങ് വിപുലവും പ്രബലവുമായ ഒരു സാമ്രാജ്യം സ്ഥാപിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അഴലില്ലാത്ത ആനന്ദവും, നിഴലില്ലാത്ത വെളിച്ചവും നിറഞ്ഞ ഒരു സാമ്രാജ്യമായിരിക്കും അത്. ആ സാമ്രാജ്യത്തോട്ട ഞങ്ങളുടെ രാജ്യങ്ങളേയും ചേർത്തരുളേണമേ. രാജാക്കന്മാർക്ക് രാജാവായുള്ളോവേ, അങ്ങയെ ഞങ്ങളാരാധിക്കുന്നു.

( കാഴ്ചദ്രവ്യം സമർപ്പിച്ച് നമസ്ക്കരിക്കുന്ന രാജാക്കന്മാർ മൂവരുംകൂടി ഒരു സ്തോത്രമാലപിക്കുന്നു. )

( യവനിക )

## രംഗം 4

(വഴി രാജാക്കന്മാർ മൂവരും പ്രവേശിക്കുന്നു. അന്തരീക്ഷത്തിൽ ഒരു മാലാഖാ പ്രത്യക്ഷപ്പെടുന്നു.)

മാലാഖാ: "ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും പുകഴ്ചയും"

(രാജാക്കന്മാർ ഇതികർത്തവ്യതാമൂഢരായി നോക്കിനില്ക്കുന്നു.)

മാലാ: മന്നവന്മാരെ, നിങ്ങൾ പരിഭ്രമിക്കേണ്ട.

ബൽത്താ: മാലാഖ! ദൈവത്തിൻെറ ദൂതൻ.

ഗാസ്പർ: ഞങ്ങളെ രക്ഷിക്കേണമേ.

മാലാ: ഏതൊരുവനെ ആരാധിച്ചശേഷം നിങ്ങൾ തിരിച്ചുപോകുന്നുവോ, അദ്ദേഹത്തിൻെറ വിനീതദാസനാണ് ഞാൻ.

മെൻഷോ: ഞങ്ങളെ അനുഗ്രഹിച്ചാലും.

മാലാ: ശാന്തിയുടെ സാന്ദ്രഗീതം ഈ വിശ്വത്തിൻെറ കാതുകളിലേക്കു പകരുവാൻ എളിമയുടെ താഴ്വരയിൽ വിശ്രമംകൊള്ളുന്ന ആ രാജാധിരാജൻ നിങ്ങളുടെ അന്തരാത്മാവിൽ പുളകം ചേർക്കട്ടെ.

രാജാ: എല്ലാം അവിടുത്തെ തിരുമനസ്സുപോലെ.

മാലാ: ഇപ്പോൾ നിങ്ങൾ പോകുന്നതു് ഹേറോദേസിൻെറ രാജധാനിയിലേക്കല്ലെ?

രാജാ: അതെ! തീർച്ചയായും.

മാലാ: അങ്ങിനെയെങ്കിൽ ഞാൻ നിങ്ങളോടു പറയുന്നു, ഹേറോദേസിൻെറ രാജധാനിയിലേക്കു പോകരുതെന്നു!

രാജാ: ഞങ്ങൾ വാക്കു പറഞ്ഞുപോയി. അദ്ദേഹവും ശിശുവിനെ കാണാൻ ആഗ്രഹിക്കുന്നു.

മാലാ: ഞാൻ വീണ്ടും പറയുന്നു, പോകരുതെന്ന്. എന്തുകൊണ്ടെന്നാൽ, ഉണ്ണിയെ വധിക്കുവാനൊരുങ്ങിയിരിക്കുകയാണയാൾ

രാജാ: തീർച്ചയായും ഞങ്ങൾ പോവുകയില്ല.

മാലാ: നിങ്ങൾ മറെറാരു വഴിയിലൂടെ രാജ്യങ്ങളിലേക്കു പോകണം.

രാജാ: എല്ലാം അവിടുത്തെ ഇഷ്ടം.

മാലാ: ഭൂമിയിൽ നന്മനസ്സുള്ളവർക്ക് സമാധാനവും വാഴ്വും.

( രാജാക്കന്മാർ തിരിഞ്ഞു നടക്കുന്നു. )

മാലാ: "ഉന്നതങ്ങളിൽ ദൈവത്തിന് സ്തുതിയും പുകഴ്ച്ചയും."

( മാലാഖാ മറയുന്നു. )

(യവനിക)

## രംഗം 5

(ഹെറോദേസിൻെറ ഡർബാർഹാൾ ഹെറോദേസ് നൃത്തം കണ്ടു കൊണ്ടിരിക്കുന്നു. നൃത്തം അവസാനിച്ചു. നത്തകി പോകുമ്പോൾ മന്ത്രി പ്രവേശിക്കുന്നു.)

മന്ത്രി:- തിരുമേനീ; പൂവ്വദേശികരായ രാജാക്കന്മാർ നമ്മെ വഞ്ചിച്ചു. അവരെപ്പററിയാതൊരു വിവരവും കിട്ടുന്നില്ല.

ഹേറോ:- (എഴുന്നേൽക്കുന്നു) അവർ ... ആ രാജാക്കന്മാർ നമ്മെ വഞ്ചിച്ചു. ... വാക്കു പാലിക്കാത്ത ഏഴകൾ. ... മടങ്ങി വന്നു് നമ്മെ വിവരം ധരിപ്പിക്കാമെന്നു പറഞ്ഞ വഞ്ചകന്മാർ. ... അവരുടെ വാക്കു നാം വിശ്വസിച്ചു.

മന്ത്രി:- നീചന്മാർ നമ്മെ വഞ്ചിച്ചു. ... പരമനീചന്മാർ. ... ദിവസങ്ങളെണ്ണിയെണ്ണി, മാസങ്ങളെണ്ണിയെണ്ണി, വത്സരവും കഴിഞ്ഞു. ഇനിയും കാത്തിരിക്കേണ്ടതില്ല; തിരുമേനീ.

ഹേറോ:- എന്തായിരിക്കാം അവർ വരാതിരുന്നതിൻെറ കാരണം?

മന്ത്രി:- അവർ വഴി മാറിപ്പോയതായിരിക്കാം, തിരുമേനീ.

ഹേറോ:- ങ്ഹാ. ... അങ്ങിനെയോ?

മന്ത്രി:- അപ്രകാരം സംഭവിക്കുവാൻ ന്യായമുണ്ടു്.

ഹേറോ:- നാം സവ്വ സ്വാതന്ത്ര്യനായി ഇസ്രായേലിൻെറ ഭരണം നടത്തുമ്പോൾ; ഇസ്രായേലിനെ ഭരിക്കു

വാൻ മററൊരു രാജാവ് വേണ്ടെന്നു നാം നിശ്ച യിക്കുന്നു. അങ്ങനെയൊരു ശിശു വളൎന്നുവരുവാൻ പാടില്ല !

മന്ത്രി:- ആ. . . . രാജശിശു വളൎന്നു വരുവാൻ പോകു ന്നുവെങ്കിൽ. . . .

ഹേറോ:- ആ ശിശുവിനെ നിഗ്രഹിക്കണം. നാം ഇസ്രായേൽ രാജാവായിരിക്കുമ്പോൾ . . . ബേസ്ലേ ഹത്തിൽ യൂദന്മാരുടെ രാജാവ്. . . . വേണ്ട. . . . വേണ്ടാ . . .

മന്ത്രി:- തിരുമേനീ. . . . ചഞ്ചലപ്പെടാതെ !

ഹേറോ:- മന്ത്രിസത്തമാ, നമ്മുടെ രാജ്യം. . . . അപകട ത്തിലാകുവാൻ പോകുന്നു ! നമ്മുടെ രാജസ്ഥാനം പര്യവസാനിക്കുവാൻ പോകുന്നു !

മന്ത്രി:- തിരുമേനീ അങ്ങെന്താണു കല്പിക്കുന്നതു? അനു ദിനമഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന അങ്ങയുടെ രാജ്യം നശിക്കുവാൻ പോകുന്നുവെന്നോ? ഒരിക്കലു മില്ല.

ഹേറോ:- ഇസ്രായേലിന്റെ രാജാവായി ജനിച്ചിരി ക്കുന്ന ശിശു വളൎന്നു വന്നാൽ, നമ്മുടെ രാജ്യം അപകടത്തിലാകും . . . . . അപകടത്തിൽ . . . . ! അതുകൊണ്ടു നാം നിശ്ചയിക്കുന്നു, ആ ശിശുവിനെ ഉടൻ വധിക്കണം. . . . ഉടൻ.

മന്ത്രി:- തിരുമേനീ, ആ ശിശുവിനെ എങ്ങനെ കണ്ടു പിടിക്കും ?

ഹേറോ:- ആ രാജാക്കന്മാരുടെ വാക്കു വിശ്വസിച്ചതു കൊണ്ടു് നമുക്കു് അബദ്ധം പററി!

മന്ത്രി:- മഹാബദ്ധം

ഹേറോ:- അതുകൊണ്ടു നാം നിശ്ചയിക്കുന്നു, ബേസ്സഹത്തും പരിസരപ്രദേശങ്ങളിലുമുള്ള രണ്ടു വയസ്സിൽ താഴെയുള്ള സകല ആൺകുട്ടികളേയും വധിക്കണമെന്നു്.

മന്ത്രി:- തിരുമേനീ, കഠിനകൃത്യം!

ഹേറോ:.. (വാളൂരുന്നു) നാമാജ്ഞാപിക്കുന്നു.

മന്ത്രി:- സ്വാമിൻ

(മന്ത്രി തൊഴുന്നു. ഹേറോദേസ് വാളുറയിലിടുന്നു.)

(യവനിക)

## രംഗം 6

( പുൽക്കൂടിൻെറ ഒരു ഭാഗം യൗസേഫ് കിടന്നുറങ്ങുന്നു. മാലാഖാ പ്രത്യക്ഷപ്പെടുന്നു.)

മാലാഖാ:- ( പാടുന്നു )

യൗസേപ്പ്:- ( ഉറക്കത്തിൽ തിരിഞ്ഞുകിടക്കുന്നു )

മാലാഖാ:- യൗസേപ്പേ,

യൗസേ:- ദൈവത്തിൻെറ ദാസൻ (ഉറക്കം)

മാലാഖാ:- യൗസേപ്പേ, നീ എഴുന്നേററു് ശിശുവിനേയും മാതാവിനേയും കൂട്ടിക്കൊണ്ടു് ഈജിപ്തിലേയ്ക്കു ഓടിപ്പോവുക. ഞാൻ വീണ്ടുമറിയിക്കുന്നതുവരെ അവിടെ താമസിക്കുക.

യൗസേ:- കർത്താവിൻെറ ദാസൻ.

(മാലാഖാ അപ്രത്യക്ഷനാകുന്നു.)

യൗസേ:- ദൈവത്തിൻെറ ഇഷ്ടം . . .

( എഴുന്നേററിരുന്നാലോചിക്കുന്നു. അനന്തരം കിടക്ക മടക്കി വെച്ചു് വടിയുമെടുത്തുകൊണ്ടു് നടന്നുമറയുന്നു.)

(യവനിക)

## രംഗം 7

(വഴി. ഉണ്ണിയെ എടുത്തുകൊണ്ട് മറിയവും പിന്നാലെ യൗസേഫും)

യൗസേഫ്:- അതാ, വിഗ്രഹങ്ങൾ തകൎന്നു വീഴുന്നു.

മറിയം:- പിശാചുക്കളോടുന്നതാവാം!

യൗസേ:- നാം പ്രതീക്ഷിക്കാത്ത പലതുമാണ് സംഭവിക്കുന്നതു്.

മറിയം:- ദൈവഹിതമങ്ങനെയായിരിക്കാം. ശിശുവിനെ ഒന്നു പാടിയുറക്കട്ടെ.

യൗസേ:- അങ്ങിനെയാവാം; കഴുത വെള്ളം കുടിക്കുവോളം.

(മറിയം ശിശുവിനെ തോളിൽ കിടത്തി പാടുന്നു)

യൗസേ:- നമുക്ക് വേഗം പോകാം. കഴുത വെള്ളം കുടിച്ചുകഴിഞ്ഞു. അപകട മേഖല കഴിഞ്ഞിട്ടില്ല.

(യൗസേഫും, മറിയവും നടന്നു മറയുന്നു. സൈന്യാധിപൻ വാളുമായി പ്രവേശിക്കുന്നു.)

സൈന്യാ:- രാജഭക്തരായ വീരയോദ്ധാക്കളെ, ഉണരുവിൻ! നിങ്ങളുടെ കൎത്തവ്യം നിൎവ്വഹിക്കുവിൻ! രാജാധിരാജനായ ഒരു ശിശു ബേസ്ലഹത്തിൽ ജനിച്ചുവളരുവാൻ തുടങ്ങിയിട്ടിപ്പോൾ രണ്ടു വത്സരം കഴിഞ്ഞു. എങ്കിലുമാശിശുവിനെ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടില്ല. ആകയാൽ ദേശാഭിമാനികളും രാജഭക്തരുമായ വീരയോദ്ധാക്കളെ, ഉണരുവിൻ! മനം മടിക്കാതെ, കരം ഇടറാതെ നിങ്ങ

ളുടെ കത്തവ്യം നിർവ്വഹിക്കുവിൻ! ബേത്ലെഹത്തും പരിസരപ്രദേശങ്ങളിലും ചുററിനടന്നു് രണ്ടു വയസിനു താഴെയുള്ള സകല ആൺകുട്ടികളേയും വധിക്കുവിൻ !! ഹേറോദേസ് മഹാരാജാവിൻെറ കല്പനയാണിതു്.

അണിയറയിൽ (വിജയിക്കട്ടെ)

(മൂന്നു പ്രാവശ്യം ഹേറോദേസ് രാജാവിനു് ജയ് വിളിക്കുന്നു.)

(യവനിക)

## രംഗം 8

(തെരുവ്. ഖഡ്ഗപാണികളായ പട്ടാളക്കാർ പ്രവേശിച്ച മിന്നൽ വേഗത്തിൽ മറഞ്ഞുകൊണ്ടിരിക്കുന്നു. "കൊല്ലരുതെ ... കൊല്ലരുതെ.. ഞങ്ങൾ തെററുകാരല്ലേ......ഹെന്റെ ......മകനെ......ഹയ്യേ ......... നിൻെറ കഴുത്തറുത്തോ......ഹയ്യോ..." എന്നിങ്ങനെയുള്ള ദീനശബ്ദങ്ങൾ അണിയറയിൽ നിന്നും പുറപ്പെട്ടുകൊണ്ടിരിക്കുന്നു. ഏലിയ തേങ്ങിത്തേങ്ങി കരഞ്ഞുകൊണ്ടു് പ്രവേശിക്കുന്നു)

ഏലിയ:- ഹെറന്റെ...... കുഞ്ഞു്......എന്റെ യഹോവായേ ... ഹെനിക്കുവയ്യേ ... ഏ .. ഏ .. ഹെന്റെ മകൻ......

(മാറത്തടിച്ചു നിലവിളിക്കുന്നു. പട്ടാളക്കാരൻ 1 പ്രവേശിക്കുന്നു.)

പട്ടാള 1:- ഹെടി ... കള്ളീ .. നീ കരയുന്നോ? ഇങ്ങുകൊണ്ടുവാടി .. നിന്റെ കുട്ടിയെ ...

ഏലി:- ഹെന്റെ .., ഹെന്റെ ... (കോപവും താപവും കലന്ന സ്വരത്തിൽ) നീ .. വധിച്ചില്ലേ ...?

പട്ടാള:- എന്റെ തള്ളേ; ഈ സൂത്രമൊന്നുമിവിടെ ചിലവാകുകയില്ല. മര്യാദക്കു നിന്റെ ശിശുവിനെ കാണിച്ചു തരൂ! അതാണു് നല്ലതു്.

ഏലി:- ഹെന്റെ യജമാനനെ ... ഹെനിക്കു് ... എന്റെ .., ശിശു.

പട്ടാള:- ഹും നടക്കെടി .., നിന്റെ വീട്ടിലേക്കു് .. നിന്റെ മകനെ കാണിച്ചുതാ ... കാണിച്ചില്ലെങ്കിൽ ...ങാ ...

(പട്ടാളക്കാരൻ 1 ഏലിയായെപിടിച്ചു വലിച്ചു

കൊണ്ടു് പോകുന്ന മറുവശത്തുകൂടി അന്നയുമ്മ കരഞ്ഞുകൊണ്ടു പ്രവേശിക്കുന്നു.)

അന്നയുമ്മ:– എന്റെ ...... അവർ കൊന്നു...... ഹെന്റ തങ്കത്തിനെ......അവൻ കൊന്നു . . വെട്ടിക്കൊന്നു . . . (പരവശയായി) ഞാൻ . . . ഇനി . . ഞാൻ . . . എന്റെ ഭാവി . . . ഹെന്റെയാനന്ദം ഭസ്മീഭവിച്ചു . . എന്റെ കുടുംബം നശിച്ചു . . എനിക്കു വയ്യ . . (ഉച്ചത്തിൽ) ഹെനിക്കുവയ്യാ . . (ഏററവും ഉച്ചത്തിൽ) എനിക്കിതു വയ്യാ . . യേ . . യേ.. യേ.. (കുറച്ചുസമയം അ ന്ദിനെ നോക്കി നില്ക്കുന്നു.) . . . ഞാൻ ...ഞാൻ ... നശിച്ചു... എന്റെ ജീവിതം നശിച്ചു... ഹാ . . എന്റെ . . സകലതും . . .(ഒരു വശത്തേക്കു വെട്ടിത്തിരിയുന്നു.) ഇനി . . ഞാൻ ...എന്തിനു ജീവിക്കുന്നു . . (രണ്ടടി മുമ്പോട്ടു വെക്കുന്നു.) മരിച്ചാൽ മതി . . അവക്കു് എന്നെക്കൊന്നുകൂടെ . . ഇല്ലാ . . അവർ കൊല്ലുകയില്ല . . ഹാ . . . (ഒരേ സമയം അങ്ങിനെ തുറിച്ചു നോക്കിനില്ക്കുന്നു.) ഹെന്റെ മകനെ . . . എന്റെയോമനസുതാ . . ഇതോ . . നിന്റെ വിധി . . ? (കരയുന്നു) ഇതും ഞാൻ കാണേണ്ടിവന്നു . . . (അല്പസമയം അങ്ങനെ നോക്കി നില്ക്കുന്നു. ഭാവം ഭയങ്കരമായി മാറുന്നു.) ആകാശമേ . . നീ . . യിടിഞ്ഞുവീഴ . . . ! ലോകമേ . . . നീയവസാനിക്കു് . . . ! ബ്രഹ്മാണ്ഡഗോളങ്ങളെ, പൊട്ടിത്തെറിക്കു് . . . ! ! സാഗരങ്ങളെ ഈ ഭൂമിയെവിഴുങ്ങു് . . . ! ശിശ്രൂ

രക്തം കുടിക്കുന്ന ഈ ലോകത്തെ വിഴുങ്ങ് . . . .
(അങ്ങനെ നോക്കി നില്ക്കുന്നു. പട്ടാളക്കാരൻ 2 പ്രവേശിക്കുന്നു.)

അന്നയുമ്മ:- എടാ . . . ക്രൂരസേവകാ . . . നീയെൻെറ പൈതലിനെ വധിച്ചു . . . ! എൻെറ ജീവിതം. നശിപ്പിച്ചു . . . എൻെറ സൗഭാഗ്യം നശിപ്പിച്ചു. ! എടാ . . . കൊല്ല് . . . . ! എന്നേയും കൊല്ല്...... !

പട്ടാള:- ഭ്രാന്തി...... ഈ പെമ്പറന്നോക്ക് ഭ്രാന്ത് ...... (പോകുന്നു.)

അന്നയുമ്മ:- എടാ..... ഭ്രാന്ത് ......നിനക്ക് ഭ്രാന്ത് .. നിൻെറ രാജാവിനു് ഭ്രാന്ത്......

(അന്നയുമ്മ പട്ടാളക്കാരൻെറ പിന്നാലെ ഓടുന്നു. ഒരു വൃദ്ധൻ കരഞ്ഞുകൊണ്ട് പ്രവേശിക്കുന്നു.)

വൃദ്ധൻ:- എൻെറ എകോവായേ...... എനിക്കുമിതു കാണേണ്ടിവന്നല്ലൊ ...... ഓ... ഓ... എൻെറ വയസ്സുകാലത്തു്...... ഉണ്ടായമകൻ ......എൻെറ എകോവായേ..... അവൻെറ കഴുത്തു്... ഹാ . . എൻെറ എകോവായേ...ഇനി എന്നെ അങ്ങ് എടുത്തോണേ......

(സാറ ഒരു കുട്ടിയുമായി പ്രവേശിക്കുന്നു.)

സാറ:- എൻെറ മകനെ......(ചുംബിക്കുന്നു) എൻെറ മകനെ......എനിക്ക് ജീവനായ മകനെ......

(ചുംബിക്കുന്നു വൃദ്ധൻ അടുത്തുവരുന്നു.)

വൃദ്ധൻ:- എൻെറ മകളെ നീ ഓടിപ്പോ......ഈ രാജ്യം വിട്ട്.....

(സാറ ഓടുന്നു. രക്തപങ്കിലമായ വാളുമായി പട്ടാളക്കാരൻ 1 പ്രവേശിക്കുന്നു )

പട്ടാള:- എടോ തൻെറ മകളെവിടെ?

വൃദ്ധൻ:- ങേ......

പട്ടാ:- (ഉച്ചത്തിൽ ) തൻെറ മകളെവിടെ? ആ കുട്ടിയെ രാജാവിന്നു വേണം.

വൃദ്ധൻ:- എൻെറ മകളോ ...? എൻെറ......?

പട്ടാ:- ജീവൻ വേണമെങ്കിൽ സത്യം പറ. എവിടെ തൻെറ മകളും കുട്ടിയും?

വൃദ്ധൻ:- എന്നോടാണോ ഈ പറേന്നതു്?

പട്ടാ 1!- അതെ തന്നോടു തന്നെ എവിടെയൊളിപ്പിച്ചു.

വൃദ്ധൻ: എനിക്കു മകളുണ്ടെന്നോ?

പട്ടാ 1 :- എടാ പടുകിളവാ......

വൃദ്ധൻ!- ങേ......!

പട്ടാ 1:- ആ ശിശുവിനെ, ഒളിച്ചുവെച്ചു വളക്കാമെന്നാണോ, തൻെറ വിചാരം?

വൃദ്ധൻ.- അയ്യോ ! . . . ഞങ്ങൾ പാവങ്ങൾ.

പട്ടാ 1:- രാജശാസന ലംഘിച്ചാൽ. . . അറിയാമോ .?

(വൃദ്ധനെ പിടിച്ചു വലിച്ചുകൊണ്ടു പോകുന്നു)

വാടാ നിൻെറ വീടുവരെ . . .

വൃദ്ധനും പട്ടാളക്കാരനും മറയുന്നു. അണിയറയിൽ നിന്നും ഗംഭീരമായ കൂട്ടനിലവിളി മുഴങ്ങുന്നു. രക്തപങ്കിലമായ വാളുകളുമായി പട്ടാളക്കാർ നടക്കുന്നു പരിഭ്രാന്തയായ സാറ കുട്ടിയേയുമായി ഓടിവരുന്നു. പിന്നാലെ വന്ന പട്ടാളക്കാരൻ 1 കുട്ടിയെ പിടിച്ചുവാങ്ങി വെട്ടുന്നു. സാറ നിലവിളിക്കുന്നു )

( യ വ നി ക )

ശുഭം

## "അമല"യു[illegible]

### മററു പ്രസിദ്ധീകര[illegible]

DC Library
*00011275*
T62 M58

1) വീട്ടിനുള്ളിൽ കള്ളൻ
(വിവർത്തനം) —ഉമയനല്ലൂർ
2) എനിക്കു ദാഹിക്കുന്നു (ഖണ്ഡകാവ്യം)
—പാലാ
3) പെയ്യാത്ത മഴക്കാറു് (നോവൽ)
—കാനം. ഇ. ജെ.
4) സ്നേഹം മരിക്കുന്നില്ല (നോവൽ)
—കാനം. ഇ. ജെ
5) കൊടുങ്കാററൂതിയ താഴ്‌വര (നാടകം)
—ജോസഫ് മററം
6) ആ വാതിൽ അടയ്ക്കരുതു് (ശബ്ദനാടകങ്ങൾ)
—കെ. തായാട്ടു്
7) ഭൂതത്താൻ (ഡിറെക്ടീവ് നോവൽ)
—ഇ. എൻ. മുരളീധരൻ
8) എഴുത്തുപെട്ടി —ജെ. സി. കീഴൂർ
9) പേപിടിച്ച മനുഷ്യർ (നാടകം)
—എ. എം. ചന്ദ്രപാലൻ
10) ഓണപ്പൈങ്കിളി (കവിതാസമാഹാരം)
—സി. കൃഷ്ണൻനായർ
11) കാരണോരുടെ കലാപ്രണയം (നാടകം)
—വി. എസ്സ്. ആൻഡ്രൂസ്
12) അലിഞ്ഞുചേർന്ന ആത്മാക്കൾ (നോവൽ)
—സി. എ. കാലായിൽ
13) കന്നിയാറൊഴുകുന്നു (നോവൽ)
—ടി. പി. നീലൂർ
14) പാലം (പ്രഹസനം) എ. റി. ദേവസ്യാ

ബാലസാഹിത്യം

# ശിശുപഥം

ഗ്രന്ഥകർത്താ:
എം. ജെ. മൈക്കിൾ

T 62
M 58

196